(3) സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. കെ. അച്ചുതൻ : സർ, പാലക്കാട് ജില്ലയിലെ നെൽ കർഷകരിൽ നിന്ന് സഹകരണസംഘങ്ങൾ സംഭരിച്ച നെല്ല് അരിയാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കണമെന്നതാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ ഒന്നാം വിളയ്ക്ക് 550 രൂപ, 560 രൂപ എന്ന നിലയ്ക്ക് 'മട്ട' നെല്ലിന് മാർക്കറ്റിൽ വിലയുള്ളപ്പോൾ 830 രൂപയ്ക്കാണ് സഹകരണ സംഘങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഓരോ സഹകരണസംഘത്തിലും പതിനായിരം മുതൽ ഇരുപതിനായിരം ക്വിന്റൽ വരെ നെല്ല് ഇപ്പോൾ സ്റ്റോക്കുണ്ട്. ഒരു കിലോ നെല്ലുപോലും വിറ്റഴിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ സംഘങ്ങളും 30 മുതൽ 40 ലക്ഷം രൂപ വരെ നഷ്ടത്തിലാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതിൽ ഇടപെട്ട് സഹകരണസംഘങ്ങളെ രക്ഷിക്കണം. അതുകൊണ്ട് അടിയന്തിരമായി നെല്ല് സംഭരിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി കിലോയ്ക്ക് 14 രൂപയെങ്കിലും വില നൽകിയാൽ മാത്രമേ വലിയ നഷ്ടം ഇല്ലാതെ ഈ സംഘങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇപ്രാവശ്യം സംഭരിക്കുക മാത്രമല്ല, സെക്കൻഡ് ക്രോപ് ഇവിടെ തുടങ്ങിക്കഴിഞ്ഞു. ഒരു കിലോ നെല്ല് എങ്കിലും സംഭരിക്കാൻ പറ്റാത്ത നിലയിൽ എല്ലാ ഗോഡൗണുകളും നിറഞ്ഞു കിടക്കുകയാണ്. അടിയന്തിരമായി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും ഈ സഭ പിരിഞ്ഞ ഉടൻ തന്നെ പാലക്കാട്ടേക്ക് വന്ന് നെൽകർഷകരെ ആകമാനം ബാധിക്കുന്ന ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യണം. സഹകരണ സംഘങ്ങൾക്ക് അവരുടെ നഷ്ടം നികത്താനാവശ്യമായ നടപടി ഉണ്ടാകണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അടിയന്തിരമായി 14 രൂപ എങ്കിലും നൽകി അരി സംഭരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി ശരാശരി 500 ടൺ ശബരി മട്ട അരിയാണ് 1047 കേന്ദ്രങ്ങളിൽക്കൂടി ഇപ്പോൾ വിറ്റഴിക്കുന്നത്. ഇപ്പോൾത്തന്നെ നെല്ല് സംഭരിച്ച് അരിയാക്കുന്ന സഹകരണ സംഘങ്ങളിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി എടുത്തുകൊണ്ടിരിക്കുകയാണ്. വിവിധ ജില്ലകളിൽ നിന്നുള്ള സൊസൈറ്റികൾ അവർ സംഭരിക്കുന്ന നെല്ല് അരിയാക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിറ്റഴിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നു തന്നെ വിവിധ സൊസൈറ്റികളുടെ ചുമതലക്കാരെ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ന്യായമായ വിലയ്ക്ക് നിലവാരമുള്ള അരി നൽകാൻ തയ്യാറായാൽ ആവശ്യമുള്ള ക്വാണ്ടിറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly